**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3855** **27-06-2024 - ൽ മറുപടിയ്ക്ക്**

**ക്ഷീര കർഷകർക്ക് ഇൻസെന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീമതി ഉമ തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിയായ ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് എന്ന പദ്ധതിയിലൂടെ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും 3/- രൂപ നിരക്കിൽ പാലിന് ഇൻസെന്റീവ് നൽകി വരുന്നു.<br><br>ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നുണ്ട്. ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന ഒരു ലിറ്റർ പാലിന് മൂന്ന് രൂപ നിരക്കിൽ ഒരു വർഷം പരമാവധി 40,000 രൂപയും ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകാത്ത ഇൻഷ്വർ ചെയ്ത പശുക്കളുള്ള ക്ഷീരകർഷകർക്ക് ഉൽപാദനത്തിന് ആനുപാതികമായി, വെറ്ററിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഒരു വർഷം പരമാവധി 20,000 രൂപയും പാലിന് സബ്സിഡിയായി ഒരു കുടുംബത്തിന് നൽകുന്നുണ്ട്. |
| (ബി) | പാലിന് വില വർദ്ധിപ്പിച്ചാലും ഇടനിലക്കാർക്ക് മാത്രമേ ആനുകൂല്യം ലഭിക്കുന്നുള്ളുവെന്ന കർഷകരുടെ പരാതി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) | നിലവിൽ പാലിലെ കൊഴുപ്പ്, കൊഴുപ്പിതര പദാർത്ഥങ്ങൾ എന്നിവയ്ക്കനുസൃതമായുള്ള വിലയാണ് ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ലഭിക്കുന്നത്. ഈ പദാർത്ഥങ്ങളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമ്പോഴും ഉത്പദന ചെലവ് അനുസരിച്ച് വില ലഭിക്കാത്ത സാഹചര്യങ്ങളിലുമാണ് ഈ വിഷയത്തിന്മേൽ പരാതികൾ ഉണ്ടാകുന്നത്.<br><br>ഇത് പരിഹരിക്കുന്നതിന് ക്ഷീരവികസന വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു. കൊഴുപ്പ്, കൊഴുപ്പിതര ഘടകങ്ങളെ അടിസ്ഥാനമാക്കി ദ്വിമുഖ വില സമ്പ്രദായത്തിലുള്ള മിൽമ ചാർട്ട് അനുസരിച്ചാണ് ക്ഷീരസംഘങ്ങളിലൂടെ ക്ഷീരകർഷകർക്ക് പാൽവില |

| | | | |
|---|---|---|---|
| | | | നൽകിവരുന്നത്. ഇതിൽ ഇടനിലക്കാർ ആരും തന്നെ ഉൾപ്പെടുന്നില്ല. സർക്കാർ അംഗീകരിച്ച മിൽമ പാൽവില ചാർട്ട് തന്നെയാണോ ക്ഷീരസംഘങ്ങൾ ഉപയോഗിക്കുന്നത് എന്ന് ക്ഷീരവികസന ഉദ്യോഗസ്ഥർ ക്ഷീരസംഘങ്ങളിൽ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ഇതു കൂടാതെ ഗുണനിലവാരം പരിശോധിക്കുന്ന ഉപകരണങ്ങൾ എല്ലാ ആറ് മാസം കൂടുമ്പോഴും ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിൽ റീജിയണൽ ഡെയറി ലാബ്/സ്റ്റേറ്റ് ഡെയറി ലാബ് എന്നിവയിലേയ്ക്ക് നൽകി കാലിബ്രേറ്റ് ചെയ്യുന്നുമുണ്ട്.<br><br>പാൽവില വ്യത്യാസം വരുന്ന കർഷകരുടെ പരാതി ഗുണനിലവാര ഓഫീസറുടെ നേതൃത്വത്തിൽ കർഷകരുടെ ഭവനത്തിലും സംഘത്തിലും പ്രത്യേക പരിശോധന നടത്തി പരാതികൾക്ക് പരിഹാരം കാണുന്നുമുണ്ട്.<br><br>പാൽവില നിർണ്ണയവും വിതരണവും കുറ്റമറ്റ രീതിയിലാണ് നടപ്പിലാക്കുന്നത് എന്ന് ക്ഷീരവികസന വകുപ്പ് പരിശോധിച്ച് വരുന്നുമുണ്ട്. |
| (സി) | പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി കർഷകർ ആവശ്യപ്പെടുന്ന നിരക്കിൽ ഇൻസെന്റീവ് നൽകാൻ തയ്യാറാകുമോ? | (സി) | മൂന്ന് മേഖലാ യൂണിയനുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിലവിൽ പാലിന് ഇൻസെന്റീവ് നൽകി വരുന്നു. ആയത് പ്രസ്തുത പരാതി പരിഹരിക്കുന്നതിന് ഒരു പരിധി വരെ സഹായകരമാണ്. |

സെക്ഷൻ ഓഫീസർ